# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5894  04.11.2016 ൽ മറുപടിക്ക്**

**കാസർകോട് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കാസർകോട് അസംബ്ലി മണ്ഡലത്തിൽ മുൻ സർക്കാർ കാലയളവിലും അതിനുമുമ്പും പ്രവൃത്തി തുടങ്ങിയതും ഇതുവരെ പൂർത്തീകരിക്കാത്തതുമായ മരാമത്ത് പ്രവൃത്തികൾ വിശദമാക്കാമോ; | എ) മുൻ സർക്കാർ കാലയളവിലും അതിനു മുമ്പും പ്രവൃത്തി തുടങ്ങിയതും ഇതുവരെ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ<br>നിരത്തുകളും പാലങ്ങളും വിഭാഗം<br>1. പെർള - സൂരംബയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി (ഒന്നാം ഘട്ടം )- 300 ലക്ഷം<br>2. ചൂരിപ്പള്ളം - മാവിനക്കട്ട റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി (ഒന്നാം ഘട്ടം ) - 200 ലക്ഷം<br>3. കോട്ടക്കണ്ണി പാലം പുനർനിർമ്മാണം ( നബാർഡ് പ്രവൃത്തി) - 715 ലക്ഷം<br>4. വിദ്യാഗിരി പാലം നിർമ്മാണം (കാസർകോഡ് പാക്കേജ്) - 250 ലക്ഷം<br>5. നീർച്ചാൽ - ശിരിബാഗിലു - ഭെൽ - കമ്പാർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി - 300 ലക്ഷം<br>കെട്ടിടവിഭാഗത്തിന്റെ പ്രവൃത്തികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) | നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പണിയാരംഭിച്ചത് കഴിഞ്ഞ മഴക്കാലത്തിന് തൊട്ടുമുൻപാണ്. മഴകാരണമാണ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തത്.<br>**കെട്ടിട വിഭാഗം**<br>മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ഗവ. കോളേജ് ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണത്തിൽ റോഡ് വർക്ക് മാത്രമേ ബാക്കിയുള്ളൂ. മൺസൂൺ സീസണായതിനാലാണ് ഈ പ്രവൃത്തി ബാലൻസ് വന്നത് .<br>ഗവ ഹൈസ്കൂൾ നെല്ലിക്കുന്ന്, ഗവ. ഹൈസ്കൂൾ, പട്ട്ള, ഗവ. യു പി സ്കൂൾ, കാസറഗോഡ്, ഗവ. യു പി സ്കൂൾ, അടുക്കത്ത്ബയൽ എന്നീ 4 പ്രവൃത്തികളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ബാക്കി വരാൻ കാരണം സ്കൂളുകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുക ചെറുതായതിനാൽ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാത്തതാണ്.<br>തളങ്കര ഗവ.ഹൈസ്കൂൾ മുറി നിർമ്മാണം - 2013ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി പഴയ ഒരു കെട്ടിടം പൊളിച്ചു മാറ്റാത്തതിനാൽ പ്രവൃത്തി ക്ലോസ് ചെയ്യേണ്ടതായി വന്നു. 2016ൽ പുതുതായി ടെണ്ടർ വിളിച്ച് എഗ്രിമെന്റ് ചെയ്തിട്ടുണ്ട്.<br>ഗവ.കോളേജ് കാസർകോഡ് ചുറ്റുമതിലിന്റെ ചെറിയ ഭാഗം മാത്രമാണ് ബാക്കിയുള്ളത്. |
| സി) | ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള, മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ | സി) & ഡി) | 1. ഓടാംക്കല്ല് പാലം - 10 കോടി രൂപ **KIIFB** പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള |

വ്യക്തമാക്കാമോ;

എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു

**2.** കല്ലടുക്ക – ചെർക്കളറോഡ്-**20** കോടി രൂപ **KIIFB** പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് ന്യൂനതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിന് കാസർകോഡ് എക്സി. എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**3.** കാസർകോഡ് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് **1,07,07,000/-** രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി തുടങ്ങുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഡി) പ്രസ്തുത പണികൾ ആരംഭിക്കാനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ഇ) മണ്ഡലത്തിലെ അതിശോചനീയാവസ്ഥയിലുള്ള റോഡുകൾ ഏതെല്ലാമാണെന്നും ഇവ പുനരുദ്ധരിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഇ) കാസർകോഡ് മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള റോഡുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| | | |
|---|---|---|
| 1 | മലബാർ പാക്കേജ് : ഗവൺമെന്റ് കോളേജ്, കാസർഗോഡ് ബോയ്സ് ഹോസ്റ്റലിന്റെ ബാലൻസ് പണികൾ | പ്രവൃത്തി അവസാനഘട്ടത്തിലാണ് |
| 2 | ഗവൺമെന്റ് ഹൈസ്കൂൾ, നെല്ലിക്കുന്ന് | സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു, ഇലക്ട്രിഫിക്കേഷൻ പണികൾ ബാക്കിയുണ്ട്. |
| | ഗവൺമെന്റ് ഹൈസ്കൂൾ, പട്ള | |
| | ഗവൺമെന്റ് യു.പി.സ്കൂൾ, കാസർഗോഡ് | |
| | ഗവൺമെന്റ് യു.പി.സ്കൂൾ, അടുക്കത്ത്ബയൽ | |
| 3 | ഗവൺമെന്റ് ഹൈസ്കൂൾ, തളങ്കര | പഴയ എഗ്രിമെന്റ് കാൻസൽ ചെയ്ത് പുതിയ ടെണ്ടർ വച്ച് എഗ്രിമെന്റ് 17.10.2016-ൽ ഒപ്പിട്ടുണ്ട്. |
| 4 | ഗവൺമെന്റ് കോളേജ്, കാസർഗോഡിന് ചുറ്റുമതിൽ നിർമ്മാണം | പ്രവൃത്തി അവസാനഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ.

അനുബന്ധം - II

1) കാസർകോട് - മധൂർ റോഡ് കി.മീ 3/000 മുതൽ 6/600 വരെ -

2) കാസർകോട് - നുള്ളിപ്പാടി റോഡ് കി.മീ 0/000 മുതൽ 0/800 വരെ -

3) പള്ളം ലൈറ്റ് ഹൗസ് - ചേരംകൈ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി -

4) വിദ്യാനഗർ - ചാല റോഡ് - പുതിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി

- CE/R&B/KSD/PRICE/1405/2016 dated 27/02/2016 പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

5) ബദിയടുക്ക - എത്തടുക്ക - സൂളപ്പദവ് റോഡ് കി.മീ 0/000 മുതൽ 20/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്കുള്ള 23 കോടിയുടെ ബി.എം - ബി.സി എസ്റ്റിമേറ്റ് ലഭിച്ചു എങ്കിലും മാനദണ്ഡങ്ങൾ പാലിച്ചു പുനർസമർപ്പിക്കുന്നതിന് കാസർഗോഡ് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

6) കല്ലട്ക്ക - ചെർക്കള റോഡ് - 20 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

7) നെക്രംപ്പാറ - അർളട്ക്ക - പുണ്ടൂർ - നാരമ്പാടി - ഏത്തട്ക്ക റോഡ്

8) നെല്ലിക്കട്ട - കർമ്മംതോട് കി.മീ 7/000 - 11/000 - ബി.എം- ബി.സി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.

9) ബദിയട്ക്ക - ബെർള - വിദ്യാഗിരി റോഡ് കി.മീ 2/000 - 3/000, 4/000 - 5/000 - 30 ലക്ഷം രൂപയുടെ ഉപരിതലം പുതുക്കൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.